പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 270 26-09-2011 - ൽ മറുപടിക്ക്

വ്യവഹാര നയം നടപ്പാക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. എം.വി.ശ്രേയാംസ്കുമാർ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ദേശീയ വ്യവഹാര നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വ്യവഹാര നയം നടപ്പാക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | ദേശീയ വ്യവഹാര നയത്തിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പ് തയ്യാറാക്കിയ സംസ്ഥാന വ്യവഹാര നയത്തിന് ആഭ്യന്തരവകുപ്പ് വഴി സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞു. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വ്യവഹാരനയം നടപ്പിലാക്കുന്നതിനായി എത്ര കോടി രൂപയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക വിനിയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി പ്രത്യേകം തുക കേന്ദ്രഗവൺമെന്റ് അനുവദിച്ച് നൽകിയിട്ടില്ല. സംസ്ഥാനത്തെ നീതിനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനായി 2010-2015 കാലഘട്ടത്തിൽ 140.06 കോടി രൂപയാണ് കേന്ദ്രസർക്കാർ കേരളസംസ്ഥാനത്തിന് 13-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം നീക്കിവെച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാന വ്യവഹാരനയം നടപ്പാക്കുന്ന മുറയ്ക്കേ ഈ തുക അനുവദിക്കുകയുള്ളൂ. പ്രത്യേകം തുക സംസ്ഥാനവ്യവഹാരനയം നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാർ നൽകിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് വ്യവഹാര നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സംസ്ഥാനത്ത് വ്യവഹാരനയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ